**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1612** **01-02-2024 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ നടപടികളിലെ കൃത്രിമം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും അടയ്ക്കാതിരിക്കാൻ ക്രമരഹിതമായി വസ്തുക്കൾ വിഭജിക്കുന്ന നടപടി പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും അടയ്ക്കാതിരിക്കാൻ ക്രമരഹിതമായി വസ്തുക്കൾ വിഭജിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ലോക്കൽ ഓഡിറ്റ് റിപ്പോർട്ടുമായി ബന്ധപ്പെട്ട് എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ക്രമരഹിതമായി വസ്തുക്കൾ വിഭജിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇതിലൂടെ എത്ര രൂപ നഷ്ടമായിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | ഇത്തരത്തിൽ 15 കേസ്സുകളിലായി 30,09,572/- രൂപയുടെ നഷ്ടം സംഭവിക്കുകയും ആയതിൽ നിന്നും 2 കേസ്സുകളുടെ തുകയായ 3,68,107/- രൂപ ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിനായി 1959 -ലെ കേരള മുദ്രപത്ര നിയമത്തിലെ വകുപ്പ് 45(ബി) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | ഇങ്ങനെ കൃത്രിമരേഖകൾ സൃഷ്ടിച്ച് ആധാരം രജിസ്റ്റർ ചെയ്യാൻ സഹായിച്ച ഉദ്യോഗസ്ഥർക്കെതിരേ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | കൃത്രിമരേഖകൾ സൃഷ്ടിച്ച് ആധാരം രജിസ്റ്റർ ചെയ്യാൻ ഉദ്യോഗസ്ഥർ സഹായിച്ചതായി ശ്രദ്ധയിൽപ്പെടാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ